# പതിനാലാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5462** **1.07.2019-ൽ മറുപടിക്ക്**

ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാം

| | ചോദ്യം<br>ശ്രീ.വി.പി.സജീന്ദ്രൻ | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ മന്ത്രി) |
|---|---|---|---|
| (എ) | ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാമിൽ (DELP) ഉൾപ്പെടുത്തി ഇതിനകം എത്ര എൽ. ഇ. ഡി. ബൾബുകൾ വിതരണം ചെയ്തു; | (എ) | ഡൊമസ്റ്റിക് എഫിഷ്യന്റ് ലൈറ്റിംഗ് പ്രോഗ്രാമിൽ (DELP) ഉൾപ്പെടുത്തി 01.06.2019 നകം 1,35,35,335 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്തു. |
| (ബി) | ഇതിലൂടെ ഇതിനകം എത്ര യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ സാധിച്ചു ; | (ബി) | DELP പദ്ധതി പ്രകാരം 20 വാട്ടിന്റെ ഒരു സി.എഫ്.എൽ. ബൾബും 60 വാട്ടിന്റെ ഒരു ഫിലമെന്റ് ബൾബും മാറ്റി 9 വാട്ടിന്റെ 2 എൽ.ഇ.ഡി. ബൾബുകൾ വിതരണം ചെയ്യാനാണ് വിഭാവനം ചെയ്തിട്ടുള്ളത്. തൽഫലമായി ഉപഭോക്താവിന് ഒരു മാസം 7 യൂണിറ്റിന്റെ വൈദ്യുതി ലാഭമുണ്ടാകും. നാളിതുവരെ പദ്ധതി പ്രകാരം വിതരണം ചെയ്ത എൽ.ഇ.ഡി. ബൾബുകൾ അനുസരിച്ച് പ്രതിമാസം 47 ദശലക്ഷം യൂണിറ്റ് വൈദ്യുതി ലാഭിക്കുവാൻ കഴിയും. |
| (സി) | ഈ പദ്ധതിയ്ക്ക് കേന്ദ്ര സഹായം ലഭ്യമാണോ; വിശദാംശം നൽകുമോ? | (സി) | DELP പദ്ധതിയിൽ ഉൾപ്പെടുത്തിയ എൽ.ഇ.ഡി. ബൾബുകളുടെ വിതരണത്തോടനുബന്ധിച്ചുള്ള എല്ലാ തുകകളും നാളിതുവരെ കെ.എസ്.ഇ.ബി. യുടെ അക്കൗണ്ടിൽ നിന്നാണ് ചിലവഴിച്ചിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ